# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശൈത്യകാല സമ്മേളനം നടക്കുന്ന പാർലമെന്റിന്റെ ഇരു സഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. വായുമലിനീകരണ പ്രശ്നങ്ങൾ ലോക്സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

   **Both houses of Parliament, have completed their proceedings and adjourned for today. Government is ready to discuss issue of air pollution says Union Minister Kiren in the Lok Sabha.**

2. 2027 ലെ സെൻസസിന് 11,718 കോടി രൂപയുടെ ബജറ്റ് അംഗീകരിച്ച് കേന്ദ്ര മന്ത്രിസഭ. 2026 സീസണിലെ കൊപ്രയുടെ താങ്ങുവില വർധിപ്പിക്കാനും മന്ത്രിസഭാ അനുമതി.

   **The Union Cabinet has approved a budget of Rs 11,718 crore for the 2027 Census. The Cabinet has also given its approval for the Minimum Support Price (MSP) for copra for 2026 season.**

3. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വിധി നാളെ. വോട്ടെണ്ണൽ രാവിലെ എട്ട് മണിക്ക് ആരംഭിക്കും. ഒരുക്കങ്ങൾ പൂർത്തിയാതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ.

   **The local body election results in Kerala to be out tomorrow. The counting of votes will begin at 8 am. The State Election Commission has said that preparations for counting are complete.**

4. ബെഞ്ച്മാർക്ക് വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഇഷ്ടമുള്ള പരീക്ഷാ കേന്ദ്രം അനുവദിക്കാൻ തീരുമാനിച്ച് **UPSC.**

**UPSC has decided to allow candidates with benchmark disabilities to choose the exam center of their choice.**

5. നടിയെ ആക്രമിച്ച കേസിൽ പൾസർ സുനി ഉൾപ്പെടെ ആറ് പ്രതികൾക്കും 20 വർഷം കഠിന തടവ് വിധിച്ച് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി.

**The Ernakulam Principal Sessions Court has sentenced six accused, including Pulsar Suni, to 20 years rigorous imprisonment in the actress assault case.**

6. ദുബായിൽ നടന്ന ഏഷ്യാ കപ്പ് അണ്ടർ 19 ക്രിക്കറ്റിൽ യു.എ.ഇ ക്ക് എതിരെ ഇന്ത്യയ്ക്ക് 234 റൺസ് വിജയം.

**India won by 234 runs against UAE in the Asia Cup Under-19 cricket held in Dubai.**

☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT – MANIPUR

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ മണിപ്പൂർ സന്ദർശനം പുരോഗമിക്കുന്നു. ഇംഫാലിലെ നൂപി ലാൽ മെമ്മോറിയൽ കോംപ്ലക്സിൽ മണിപ്പൂരിലെ ധീര വനിതകൾക്ക് രാഷ്ട്രപതി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സേനാപതിയിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്ത ശ്രീമതി മുർമു വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## CABINET CENSUS (INTRO)

2027 ലെ സെൻസസിന് 11,718 കോടി രൂപയുടെ ബജറ്റിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ്

നടത്തുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. 2026 കാലയളവിലെ കൊപ്രയ്ക്കുള്ള താങ്ങുവില വർധിപ്പിക്കാനും മന്ത്രിസഭാ അനുമതി നൽകി. കൽക്കരി ലിങ്കേജ് നയത്തിന്റെ പരിഷ്കാരങ്ങൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

ശൈത്യകാല സമ്മേളനം നടക്കുന്ന പാർലമെന്റിന്റെ ഇരു സഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ ശിവരാജ് പാട്ടീലിൻറെ നിര്യാണത്തിൽ ലോക്സഭയും രാജ്യസഭയും അനുശോചിച്ചു. 2001 ഡിസംബർ 13-ന് നടന്ന പാർലമെന്റ് ആക്രമണത്തിലെ രക്തസാക്ഷികൾക്ക് ഇരുസഭകളും ആദരാഞ്ജലികൾ അർപ്പിച്ചു. ലോകാരോഗ്യ സംഘടനയുടെ 2025-ലെ ആഗോള ക്ഷയരോഗ റിപ്പോർട്ട് അനുസരിച്ച്, ക്ഷയരോഗ മരണനിരക്ക് 25 ശതമാനം കുറഞ്ഞതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ലോക്സഭയിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## LS - RAILWAY

രാജ്യത്ത് റെയിൽവേ അപകടങ്ങൾ 90 ശതമാനം കുറഞ്ഞതായി കേന്ദ്ര സർക്കാർ. 2004-14 കാലയളവിൽ ആയിരത്തി 711 ആയിരുന്നുന്നത് 2025-26 ൽ പതിനൊന്നായി കുറഞ്ഞുവെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ

മറുപടിയിൽ, യാത്രക്കാരുടെ സുരക്ഷ ഇന്ത്യൻ റെയിൽവേയുടെ മുൻഗണനയായി തുടരുന്നുവെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## KIREN RIJIJU– LS (INTRO)

വായുമലിനീകരണ പ്രശ്നങ്ങൾ ലോക്സഭയിൽ ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പ്രതിപക്ഷ നേതാവ് വിഷയം ഉന്നയിച്ച സാഹചര്യത്തിൽ നിയമാനുസൃതമായി ചർച്ച നടത്തുന്നത് സംബന്ധിച്ച് ആലോചിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## RS – FAKE NEWS

വിവിധ മാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ വ്യാജ വാർത്തകൾ പ്രചരിക്കുന്നത് തടയുന്നതിനുള്ള ചട്ടക്കൂട് കേന്ദ്ര സർക്കാർ ശക്തിപ്പെടുത്തിയതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട വ്യാജ വാർത്തകൾ പരിശോധിക്കുന്നതിനായി പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ കീഴിൽ ഫാക്ട് ചെക്ക് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SEC (INTRO)

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാതായി സംസ്ഥാന തെരഞ്ഞെടുപ്പു

കമ്മീഷൻ എ ഷാജഹാൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

## COUNTING (INTRO)

സംസ്ഥാനത്ത് രണ്ട് ഘട്ടങ്ങളിലായി നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ രാവിലെ എട്ട് മണിക്ക് ആരംഭിക്കും. സംസ്ഥാനത്ത് 244 കേന്ദ്രങ്ങളാണ് വോട്ടെണ്ണലിനായി ഒരുക്കിയിരിക്കുന്നത്. **വിശദാംശങ്ങളിലേക്ക്.......**

## COUNTING (VOICE)

പോസ്റ്റൽ വോട്ടുകളാകും ആദ്യം എണ്ണുന്നത്. ജില്ലാ പഞ്ചായത്തുകളിലേക്കുള്ള തപാൽ വോട്ടുകൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കളക്ട്രേറ്റുകളിൽ എണ്ണും. കോർപറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിൽ അതാതു സ്ഥാപനങ്ങളുടെ വോട്ടെണ്ണൽ നടത്തും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വോട്ടെണ്ണൽ ബ്ലോക്ക് തല കേന്ദ്രങ്ങളിലാണ് നടത്തുക . ഇവിടെയുള്ള വരണാധികാരികളുടെ മുന്നിൽ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ തപാൽ വോട്ടുകൾ ആദ്യം എണ്ണും. തപാൽ വോട്ടുകൾ എണ്ണിക്കഴിഞ്ഞ ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണിത്തുടങ്ങും. ഓരോ ബൂത്തിലേയും എണ്ണൽ തീരുന്ന മുറയ്ക്ക് വോട്ടു നില തിരഞ്ഞെടുപ്പ് കമ്മീഷൻറെ ട്രെൻഡ് പോർട്ടലിൽ ലഭ്യമാകും. വോട്ടെണ്ണൽ നടക്കുന്നതിനാൽ എല്ലാ സർക്കാർ ട്രഷറികളും നാളെ തുറന്ന് പ്രവർത്തിക്കും. ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടനുബന്ധിച്ച് സംസ്ഥാനത്തു നിലവിൽ വന്ന

മാതൃകാ പെരുമാറ്റച്ചട്ടം ഈ മാസം 18 വരെ തുടരുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി......

## SPECIAL BULLETINS

തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം നാളെ പ്രക്ഷേപണം ചെയ്യും. പതിവ് ബുള്ളറ്റിനുകൾക്ക് പുറമേ, രാവിലെ 9.30, 10.15, 11.30 ഉച്ചയ്ക്ക് ശേഷം 2.30, 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## PM VISIT

ജോർദാൻ, എത്യോപിയ, ഒമാൻ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ ജോർദാനിൽ എത്തുന്ന അദ്ദേഹം അബ്ദുള്ള രണ്ടാമൻ രാജാവുമായി കൂടിക്കാഴ്ച നടത്തും. ഡിസംബർ 16 ന് എത്യോപ്യയിൽ എത്തുന്ന ശ്രീ നരേന്ദ്ര മോദി വിവിധ ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കും. ഏകദിന എത്യോപ്യ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 17 ന് ഒമാനിലെത്തും.

## IDUKKI RADIO (INTRO)

ഇടുക്കിയിലെ ഇടമലക്കുടി ആദിവാസി ഉന്നതിയിലുള്ളവർ പുറംലോകത്തെ വാർത്തകളും വിശേഷങ്ങളും ഇപ്പോഴും അറിയുന്നത് റേഡിയോയിലൂടെ മാത്രമാണ്. ഇത്തവണയും തദ്ദേശ തെരെഞ്ഞെടുപ്പ് ഫലമറിയാൻ ഇവർ റേഡിയോകളുമായി കാത്തിരിക്കുകയാണ്.

ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ **റിപ്പോർട്ട്......**

(വോയിസ്)

## UPSC

ബെഞ്ച്മാർക്ക്
വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് അവർക്ക് ഇഷ്ടമുള്ള പരീക്ഷാ കേന്ദ്രം അനുവദിക്കാൻ തീരുമാനിച്ച് കേന്ദ്ര പബ്ലിക് സർവീസ് കമ്മീഷൻ. കഴിഞ്ഞ അഞ്ച് വർഷമായി ചില പരീക്ഷ കേന്ദ്രങ്ങളിൽ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ സൗകര്യപ്രദമല്ലാത്ത കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ ഉദ്യോഗാർത്ഥികൾ നിർബന്ധിതരാകുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് തീരുമാനം.

## ACTRESS ASSAULT

നടിയെ ആക്രമിച്ച കേസിൽ പൾസർ സുനി ഉൾപ്പെടെ ആറ് പ്രതികൾക്കും 20 വർഷം കഠിന തടവ് ശിക്ഷ വിധിച്ചു. 50,000 രൂപ പിഴയും നൽകണം. വിചാരണത്തടവ് കുറച്ച് ശിക്ഷ അനുഭവിച്ചാൽ മതിയാകും. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി

ഹണി എം. വർഗീസ് ആണ് ശിക്ഷ വിധിച്ചത്. കേസിൽ ആദ്യ ആറ് പ്രതികളും കുറ്റക്കാരെന്ന് കോടതി നേരത്തെ കണ്ടെത്തിയിരുന്നു.

## ASIA CUP

ദുബായിൽ നടന്ന ഏഷ്യാ കപ്പ് അണ്ടർ 19 ക്രിക്കറ്റിൽ യു.എ.ഇ ക്ക് എതിരെ ഇന്ത്യയ്ക്ക് 234 റൺസ് വിജയം. ഇന്ത്യ ഉയർത്തിയ 434 റൺസ് വിജയലക്ഷ്യം പിന്തുടർന്ന യു.എ.ഇ 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 199 റൺസ് നേടാനേ സാധിച്ചുള്ളൂ. ഫൈനൽ ഈ മാസം 21 ന് നടക്കും. ഞായറാഴ്ച

ഇന്ത്യ, പാകിസ്ഥാനെ നേരിടും.

## EC-SROs

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാൾ, തമിഴ്നാട്, ഉത്തർപ്രദേശ്, കേരളം എന്നിവയുൾപ്പെടെ എട്ട് പ്രധാന സംസ്ഥാനങ്ങളിൽ ഇലക്ടറൽ റോൾ നിരീക്ഷകരെ നിയമിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ . എസ്ആർഒമാർ ഇതിനകം തന്നെ അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും 2026 ഫെബ്രുവരിയിൽ അന്തിമ ഇലക്ടറൽ റോൾ പ്രസിദ്ധീകരിക്കുന്നതുവരെ ആഴ്ചയിൽ രണ്ട് ദിവസം ഇവർ എസ്.ഐ.ആർ പ്രക്രിയ പുരോഗമിക്കുന്ന സംസ്ഥാനങ്ങളിൽ ഹാജരാകുമെന്നും കമ്മീഷൻ അറിയിച്ചു.